

## “കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു” (ലൂക്കാ- 4:18)

### ഓഗസ്റ്റ് 2014: വിചിന്തനം: ലൂക്കാ 4 : 14 – 18

ലോകം ക്രിസ്തുവിൽ ആദ്യം ദൃഷ്ടി പതിപ്പിക്കുന്നത് അവിടുന്ന് ബത്‌ലഹേമിലെ ദരിദ്രമായ ഒരു കാലിത്തൊഴുത്തിൽ തന്റെ അമ്മയുടെ കരങ്ങളിൽ ശാന്തമായി കിടക്കുമ്പോഴാണ്. ജോസഫിനും മേരിക്കും സത്രത്തിൽ ഇടമില്ലായിരുന്നു. കാരണം, അവർ ലോകം സന്തോഷപൂർവ്വം വഴിയൊരുക്കുന്ന അധികാര വർഗത്തിൽപ്പെട്ടവരല്ലായിരുന്നുവെന്നതു തന്നെ. മുഖസ്തുതി പാടിയോ ഭീഷണിപ്പെടുത്തിയോ തങ്ങൾക്കാവശ്യമുള്ളതെല്ലാം നേടുന്നവരുടെ ഗണത്തിലുംപെടുമായിരുന്നില്ല. യഥാർഥത്തിൽ തിരുക്കുടുംബം ഒരു ദരിദ്രകുടുംബമായിരുന്നു. ഈ സാധാരണ കുടുംബത്തിലാണ് യേശു പിറന്നത്. മറ്റെല്ലാ ശിശുക്കളെയും പോലെയാണ് യേശുവും പിറന്നതെങ്കിലും ഒരു കാര്യത്തിൽ മാത്രം അവിടുന്ന് വിഭിന്നനായി; അവിടുന്ന് തന്റെ കുടുംബവും ജന്മസ്ഥലവും സ്വയം തിരഞ്ഞെടുത്തു. ലോകത്തിൽ വരുന്നതിനുമുമ്പ് തന്റെ മുമ്പിൽ സകല സാധ്യതകളുമുണ്ടായിട്ടും ദരിദ്രമായ ചുറ്റുപാടുകളിൽ പിറന്നുവീഴാൻ ക്രിസ്തു സ്വന്തമായി തിരഞ്ഞെടുപ്പ് നടത്തിയെന്നത് പരമപ്രധാനമാണ്.

മുപ്പതു വർഷങ്ങൾക്കുശേഷം “കുറുനരികൾക്കു മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളുമുണ്ട്, മനുഷ്യപുത്രനു തലചായ്ക്കാൻ ഇടമില്ല” (ലൂക്കാ - 9:58). എന്നു വിശദീകരിക്കുന്ന യേശുവിനെ നാം കാണുന്നു. അവൻ ദരിദ്രനായത് മറ്റുള്ളവരിൽനിന്ന് സഹായം സ്വീകരിക്കുന്നതിനോ പണം സമ്പാദിക്കുന്നതിനോ അവനു കഴിവില്ലാതിരുന്നതുകൊണ്ടല്ല. പിന്നെയോ അവനും ശിഷ്യരും ദരിദ്രർക്ക് ഔദാര്യപൂർവം നൽകിയതുകൊണ്ടും സുവിശേഷത്തിനുവേണ്ടി വിശുദ്ധ ദാരിദ്ര്യാവസ്ഥ സ്വയം കാത്തുസൂക്ഷിച്ചതുകൊണ്ടുമാണ്. കാരണം, ജനിക്കുന്നതിനുമുമ്പുതന്നെ ദരിദ്രനായിരിക്കാൻ അവൻ തിരഞ്ഞെടുപ്പുനടത്തിയെങ്കിൽ പ്രായപൂർത്തിയെത്തിയ ജീവിതത്തിൽ എന്തുകൊണ്ട് വ്യത്യസ്തനായിരിക്കാൻ തീരുമാനിക്കണം? ദൗത്യനിർവഹണത്തിനായി അവന്റെ ശിഷ്യരെ അയയ്ക്കുമ്പോൾ യാത്രയ്ക്ക് പണസഞ്ചി കൊണ്ടുപോകരുതെന്ന് അവൻ അവരോടുപറഞ്ഞു. ഈ ദരിദ്രരായ ശിഷ്യരിലേക്ക് കണ്ണുകളുയർത്തികൊണ്ട് “ദരിദ്രരേ നിങ്ങൾ അനുഗ്രഹീതർ” എന്നു പറയുന്ന ക്രിസ്തുവിനെ നാം ലൂക്കായുടെ സുവിശേഷത്തിൽ കാണുന്നു (ലൂക്കാ 6:20). അങ്ങനെ ദാരിദ്ര്യം അതിനാൽത്തന്നെ ഫലവത്തായ സുവിശേഷ പ്രഘോഷണത്തിന് അനുയോജ്യമായ ഒരു യോഗ്യതയാകുന്നു.

സുവിശേഷപ്രഘോഷണത്തിൽ ദാരിദ്ര്യത്തിനുള്ള നിർണായക പങ്ക് കണക്കിലെടുത്ത് സഭ അതിനെ "സുവിശേഷാത്മക ദാരിദ്ര്യമെന്ന്" വിളിക്കുന്നു. സുവിശേഷാത്മക ദാരിദ്ര്യത്തിന്റെ ചൈതന്യത്തിലായിരിക്കാൻ ക്രിസ്തു നമ്മെയെല്ലാവരേയും ക്ഷണിക്കുന്നു. എന്തെന്നാൽ സമ്പത്തിൽനിന്ന്, ദ്രവ്യാഗ്രഹത്തിൽനിന്ന്, ആഢംബരഭ്രമത്തിൽനിന്ന് വേറിട്ടു നിൽക്കുന്നതിലൂടെ സ്വന്തമാകുന്ന സ്വാതന്ത്ര്യത്തിൽ സുവിശേഷം പ്രഘോഷിക്കാൻ ഇത് നമ്മെ പ്രാപ്തരാക്കുന്നു. ഇതിനുമപ്പുറം ക്രിസ്തു ചില സ്ത്രീപുരുഷൻമാരെ ആത്മാവിൽ മാത്രമല്ല സത്യത്തിലും ദരിദ്രരായിരിക്കാൻ വിളിക്കുന്നു. ചില രീതികളിൽ വാച്യാർഥത്തിലും ഭൗതികമായും ദരിദ്രരായി കൊണ്ട് ക്രിസ്തുവിനെ അവിടുത്തെ ജീവിതശൈലിയിലും ദൗത്യത്തിലും കൂടുതൽ പരിപൂർണമായി അനുകരിക്കാൻ അവർ വിളിക്കപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ സവിശേഷ വരദാനം വഴി ധനത്തിൽ നിന്നും സാമ്പാദ്യങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തോടെ സുവിശേഷം പ്രഘോഷിക്കുന്നതിനും തങ്ങൾക്കിടയിലും ദരിദ്രരോടും ഭ്രഷ്ടരാക്കപ്പെട്ടവരോടും അകലം പാലിക്കാതിരിക്കാനും അവർക്കു കഴിയും. ദൈവപരിപാലനയുടെ കരങ്ങളിൽ മാത്രമാണ് അവർ തങ്ങളുടെ സുരക്ഷിതത്വം കണ്ടെത്തുക. നമ്മുടെ സ്വർഗീയ മധ്യസ്ഥനായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് സുവിശേഷാത്മക ദാരിദ്ര്യത്തിന്റെ അനിതരസാധാരണമായ മാതൃകകളിൽ ഒരുവനാണ്. പതിനൊന്നാം പിയൂസ് പാപ്പ എഴുതി "യേശുക്രിസ്തുവിന്റെ ഛായയും സുവിശേഷാത്മക ജീവിതശൈലിയും വിശുദ്ധ ഫ്രാൻസിസിലുപരിയായി മറ്റാരിലും ഇത്രമാത്രം സജീവവും ഹൃദയസ്പർശിയുമായി വിളങ്ങിയിട്ടില്ല. അദ്ദേഹം മറ്റൊരു യേശുക്രിസ്തു ആയി വിശേഷിപ്പിക്കപ്പെടുന്നത് ന്യായമാണ്".

ക്രിസ്തു വന്നത് ദരിദ്രരോട് സദ്വാർത്ത പ്രഘോഷിക്കാനാണ്. ധനം, മതതീക്ഷ്ണത, നീതിബോധം എന്നിവയാൽ എല്ലാം തികഞ്ഞവരെന്ന് സ്വയം വിചാരിച്ചിരുന്നവർക്ക് നൽകാൻ ക്രിസ്തുവിന്റെ കൈയിൽ ഒന്നുമില്ലായിരുന്നു. എന്നാൽ പീഡയനുഭവിക്കുന്നവർക്കെല്ലാം തങ്ങളുടെ പാപങ്ങളെപ്രതി ദുഖിതരായിരുന്നവർക്കെല്ലാം, സഹായത്തിനായി ദൈവതിരുമുമ്പിൽ നിലവിളിച്ചവർക്കെല്ലാം, അവൻ അന്നും ഇന്നും സമീപസ്ഥനാണ്. ക്രിസ്തു പറഞ്ഞു. "ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം" (മർക്കോസ് 2:17). ലോകത്തിലെ ഏറ്റവും ദരിദ്രരായവരോട് ഐക്യപ്പെടുവാൻ ക്രിസ്തു ദാരിദ്ര്യത്തെ തീക്ഷ്ണതയോടെ ആശ്ലേഷിച്ചു. ദരിദ്രരോട് സദ്വാർത്ത പ്രഘോഷിക്കുന്നതിനുവേണ്ടി അവിടുന്ന് ദരിദ്രനാവുക തന്നെ ചെയ്തു. അവന്റെ ദാരിദ്ര്യം നമുക്ക് ഏറെ പ്രയോജനകരമായി. പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ "ധനികനായിരുന്നിട്ടുകൂടി നിങ്ങൾക്കുവേണ്ടി അവൻ ദരിദ്രനായി, അങ്ങനെ അവന്റെ ദാരിദ്ര്യം മൂലം നിങ്ങൾ സമ്പന്നരാകുന്നതിനുവേണ്ടി".

മനുഷ്യപുത്രൻ കുരിശിൽ ഉയർത്തപ്പെടുമ്പോഴാണ് ദാരിദ്ര്യത്തിന്റെ ഏറ്റവും താണപടി നാം കാണുക. അവൻ കുറ്റവാളികളിലൊരാളായി, ശപിക്കപ്പെട്ടവരിലൊരുവനായി ഗണിക്കപ്പെട്ടു. അവൻ സകലരാലും തിരസ്കരിക്കപ്പെടുകയും വെറുക്കപ്പെടുകയും ചെയ്തു. അവർ മുഖത്തു തുപ്പിയപ്പോഴും പരിഹസിച്ചപ്പോഴും അവൻ അതെല്ലാം ശാന്തമായി സഹിച്ചു. എന്തെന്നാൽ അവൻ ആത്മാവിന്റെ ദാരിദ്ര്യത്തോട് അവിശ്വസ്തത കാട്ടിയില്ല. "നീ ദൈവപുത്രനാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക" (മത്തായി 27:40) എന്നുപറഞ്ഞ് അവർ പ്രകോപിപ്പിച്ചപ്പോൾ പോലും സ്വയംപോരാടാൻ കരുത്ത് വിനിയോഗിക്കാതെ യഥാർഥത്തിൽ ദരിദ്രനെപ്പോലെയായി. ശത്രുക്കളെ ലജ്ജിതരാക്കുന്നതിനുവേണ്ടി കുരിശിൽക്കിടന്ന് അവൻ വികാരഭരിതമായ പ്രസംഗം നടത്തിയില്ല. മറിച്ച് യഥാർഥത്തിൽ പീഡയനുഭവിക്കുന്ന ഒരു പാവപ്പെട്ടവനെപ്പോലെ ദൈവത്തോട് നിലവിളിച്ചു. കാരണം ദൈവം പാവങ്ങളുടെ നിലവിളികേൾക്കുന്നുവെന്ന് അവനറിയാമായിരുന്നു. അവന്റെ ജീവിതത്തിന്റെ അന്ത്യനിമിഷങ്ങളിൽ കഥയിലെ നായകനിൽ നിന്ന് നാം പ്രതീക്ഷിക്കുന്നതുപോലെ അവൻ പെട്ടെന്ന് സ്വതന്ത്രനായി തന്റെ ദൈവീകശക്തി പ്രദർശിപ്പിക്കുന്നില്ല. പ്രത്യുത അവന്റെ ആത്മാവിനെ സമർപ്പിച്ച് മരിച്ചു. അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപനിൽ ഈ വിശുദ്ധ ദർശനം ചലനം സൃഷ്ടിച്ചു. വിനയം ഇത്രമാത്രം ഉജ്ജ്വലമായി പ്രശോഭിക്കുന്നത്, ശാന്തത ഇത്രമാത്രം ദൈവികമാകുന്നത് അയാൾ ഒരിക്കലും കണ്ടിട്ടില്ല. ഈ മനുഷ്യന്റെ ദാരിദ്ര്യത്തിൽ ഉന്നതമായതെന്തോ കണ്ടെത്തി ശതാധിപൻ ഏറ്റുപറഞ്ഞു. "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനാകുന്നു"(മർക്കോസ് 15 :39).

ക്രിസ്തുവിന്റെ ദാരിദ്ര്യത്തെയും അവന്റെ കുരിശിലെ ദാരിദ്ര്യത്തെയും നമുക്ക് ഭക്തിയോടും ഉന്നതമായ ആദരവോടും കൂടി നോക്കാം. സഹനദാസൻ ജീവൻ വെടിയുന്നത് കാണുമ്പോഴുള്ള ശതാധിപന്റെ വിലയിരുത്തൽ എത്ര ശരിയായിരുന്നു. ക്രിസ്തുവിന്റെ ദാരിദ്ര്യം നമ്മുടെ ഹൃദയങ്ങളെ ചലിപ്പിക്കട്ടെ. മനുഷ്യനേത്രങ്ങൾക്ക് കാണാനാവാത്തതും മനുഷ്യമനസ്സിന് ഗ്രഹിക്കാനാവാത്തതുമായവ അവന്റെ കുരിശിൽ കണ്ടെത്തുവാൻ നമുക്കു കഴിയട്ടെ. ദൈവസ്നേഹത്തിന്റെയും കരുണയുടെയും അളവില്ലാത്ത സമ്പന്നതയാണല്ലോ നാമവിടെ ദർശിക്കുക.